# വചനാമൃതം

വാല്യം 10 ◇ ഒക്ടോബർ 2012 ◇ ലക്കം 10



# പ്രസംഗം തയ്യാറാക്കിയവർ

**ഒക്ടോബർ 7 : സ്ലീബായ്ക്ക് ശേഷം 4 – ാം ഞായർ**

ബ്രദർ അരുൺദാസ് ഒ. ഐ. സി.

**ഒക്ടോബർ 14 : സ്ലീബായ്ക്ക് ശേഷം 5 – ാം ഞായർ**

ബ്രദർ ലിസൺ തോമസ് ഒ. ഐ. സി.

**ഒക്ടോബർ 21 : സ്ലീബായ്ക്ക് ശേഷം 6 – ാം ഞായർ**

ബ്രദർ മനോജ് ഒ. ഐ. സി.

**ഒക്ടോബർ 28 : സ്ലീബായ്ക്ക് ശേഷം 7-ാം ഞായർ**

ബ്രദർ റിജോ തോമസ് ഒ. ഐ. സി.




Printed : At Bethany Offset Printers, Kottayam

Published : By **Bethany Vedavinjana Peeth, Pune**

(For Private Circulation)

## ഒക്ടോബർ 7 : സ്ലീബായ്ക്ക് ശേഷം 4-ാം ഞായർ

ബ്രദർ അരുൺദാസ് ഒ.ഐ.സി.

മത്താ 24:3-14; നിയമ 7:6-11; പ്രഭാ 35:1-11; ഏശ 40:21-26;
യാക്കോ 5:1-6; റോമ 5:12-14; മത്താ 24:15-28

ആരാധനക്രമവത്സരത്തിലെ അവസാനകാലഘട്ടമായ സ്ലീബാ കാലത്തിലെ നാലാമത്തെ ഞായറാഴ്ച യേശുനാഥന്റെ രണ്ടാമത്തെ വരവു കാത്തിരിക്കുന്ന ക്രിസ്തുശിഷ്യന്റെ ജീവിതത്തിൽ കടന്നുവരുന്ന പീഢനങ്ങളുടേയും കുരിശുകളുടേയും അനിവാര്യതയും അതിനോടുള്ള ക്രിസ്തുശിഷ്യന്റെ മനോഭാവങ്ങളും സഭാമാതാവ് വിചിന്തനത്തിനായി നൽകുന്നു. അവസാനനാളുകളിൽ നമ്മുടെ ജീവിതത്തിൽ കടന്നുകൂടാൻ സാധ്യതയുള്ള ചില അപകടകരമായ ചിന്താഗതികളേയും ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

ഇന്നത്തെ സുവിശേഷഭാഗം യേശുനാഥൻ തന്റെ ശിഷ്യന്മാർക്കു നൽകുന്ന അവസാന പ്രഭാഷണത്തിന്റെ ആദ്യഭാഗമാണ്. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുക എന്ന പ്രേഷിതദൗത്യവുമായി ജറുസലേമിലേക്കു പ്രവേശിക്കുന്ന അവിടുന്ന്, പ്രവചനങ്ങളുടെ പൂർത്തീകരണമായി ജറുസലേം നശിപ്പിക്കപ്പെടുമെന്നും ദൈവവും മനുഷ്യരും ഒരുമിച്ചു വസിക്കുന്ന ഒരു സ്വർഗ്ഗീയ ജറുസലേം സംസ്ഥാപിതമാകുമെന്നും ശിഷ്യന്മാരെ അറിയിക്കുന്നു. ശിഷ്യന്മാർ യുഗാന്തത്തിന്റേയും തന്റെ രണ്ടാമത്തെ വരവിന്റേയും അടയാളം ആരായുന്നു.

യഹൂദക്രിസ്ത്യാനികളോടു സുവിശേഷം അറിയിക്കുന്ന വി. മത്തായി, റോമാസാമ്രാജ്യത്തിനെതിരെ യഹൂദർ നടത്തിയ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ യഹൂദരുടെ പരാജയവും ജറുസലേമിന്റെ നാശവും യേശുവിന്റെ അന്ത്യനാളുകളെക്കുറിച്ചുള്ള പഠിപ്പിക്കലുകളോട് ഒന്നിപ്പിക്കുന്നു. ജറുസലേമിന്റെ അന്ത്യം ലോകാന്ത്യത്തെക്കുറിക്കുന്നുവെന്ന് വിശ്വസിച്ചിരുന്ന യഹൂദരോട് ജറുസലേം പതനത്തോടെ മിശിഹാ വീണ്ടും വരുമെന്നും എല്ലാവരും നോക്കി നിൽക്കേ, ഒരു പുതുയുഗം ആരംഭിക്കുമെന്നും പഠിപ്പിക്കുന്നു.

അന്ത്യനാളുകളിൽ ലോകത്തിലുണ്ടാകുന്ന പീഢനങ്ങളേയും ദുരിതങ്ങളേയും കുറിച്ച് ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് ഒരു വാക്യം ഉദ്ധരിച്ചുകൊണ്ട് യേശു അവരെ പഠിപ്പിക്കുന്നു. വിശുദ്ധസ്ഥലത്തെ അശുദ്ധലക്ഷണമെന്നത് ജറുസലേമിനെതിരെയുള്ള റോമാസാമ്രാജ്യത്തിന്റെ ആക്രമണത്തിന്റെ സൂചനയാണ്. "ലോകാരംഭം മുതൽ ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത, ഇനി ഉണ്ടാകാനിടയില്ലാത്ത ഉഗ്ര പീഢനം അന്നുണ്ടാകും." ഈ പീഢനങ്ങൾ എല്ലാവരുടേയും മേൽ വന്നുപതിക്കും. പീഢനങ്ങളുടെ ആകസ്മികതയെ സൂചിപ്പിക്കുന്നവയാണ് പീഢനങ്ങളോടുള്ള പ്രതികരണം. യൂദായിലുള്ളവർ പർവ്വതങ്ങളിലേയ്ക്കും പുരമുകളിലായിരിക്കുന്നവർ പുറത്തു കൂടിയുള്ള ഗോവേണി വഴി താഴെയിറങ്ങി വീട്ടിൽനിന്നും ഒന്നും എടുക്കാതെയും വയലിലായിരിക്കുന്നവൻ ലോത്തിന്റെ ഭാര്യപ്പോലെ പിൻതിരിയാതെയും പലായനം ചെയ്യേണ്ടത് പീഢനങ്ങളും ദുരിതങ്ങളും നിനച്ചിരിക്കാതെ കള്ളനെപ്പോലെ കടന്നുവരും എന്നുള്ളതുകൊണ്ടാണ് . "എന്നാൽ തെരഞ്ഞെടുക്കപ്പെട്ടവരെ പ്രതി ആ ദിവസങ്ങൾ പരിമിതപ്പെടുത്തും" (24:22).

"ഭൂമുഖത്തുള്ള സകല ജനതകളിലും നിന്ന് സ്വന്തം ജനമാകുന്നതിന് അവിടുന്ന് നിങ്ങളെ തെരഞ്ഞെടുത്തു" (നിയമ 7/6). പഴയനിയമത്തിൽ ഇസ്രായേൽ ജനത്തെ സ്വന്തം ജനമായി ദൈവം കണക്കാക്കിയിരുന്നു. ഒരു ചെറിയ ജനതയായിരുന്ന അവരിലൂടെ ദൈവം തന്നെത്തന്നെ ലോകത്തിനു വെളിപ്പെടുത്തി. കാലസമ്പൂർണ്ണതയിൽ തന്റെ പുത്രനെ ദൈവം ലോകത്തിലേയ്ക്ക് അയച്ചപ്പോൾ യേശുവിലുള്ള വിശ്വാസത്തിലേയ്ക്ക് നാമോരോരുത്തരേയും വിളിച്ചുകൊണ്ട് നമ്മെ അവിടുത്തെ തെരഞ്ഞെടുത്ത ഗണമാക്കി ഉയർത്തി ദൈവം നമ്മെ സ്വന്തം മകന്റെ ജീവൻ നൽകി വിലയ്ക്കു വാങ്ങിയതാണെന്നുള്ള ബോധ്യം നമുക്കുണ്ടെങ്കിൽ നമുക്കു സഹിക്കാവുന്നതിലും അപ്പുറമായ പീഢനങ്ങൾ നമ്മുടെ ജീവിതത്തിലുണ്ടാകുവാൻ ദൈവം അനുവദിക്കുകയില്ല എന്ന പ്രത്യാശ നമുക്കുണ്ടാകും. "നിങ്ങളുടെ തലയിലെ ഓരോ മുടിയിഴയും എണ്ണപ്പെട്ടിരിക്കുന്നു" (മത്താ 10:30).

"അന്ത്യനാളുകളിൽ കള്ളപ്രവാചകന്മാരും കള്ളക്രിസ്തുമാരും പ്രത്യക്ഷരാവുകയും സാധ്യമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഴിതെറ്റിക്കത്തക്കവിധം വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുകയും ചെയ്യും" (24:24). എല്ലാ അത്ഭുതങ്ങളും അടയാളങ്ങളും ദൈവികമാകണമെന്നില്ല. അത് വേർതിരിച്ചറിയാനുള്ള വിവേകം ക്രിസ്തു

ശിഷ്യനുണ്ടാകണം. ദൈവസ്നേഹവും പരസ്നേഹവും നിഷേധിക്കുന്ന ഒന്നും ദൈവത്തിൽ നിന്നുള്ളതല്ല. മറ്റുമതങ്ങളിലുള്ള സഹോദരങ്ങളെ പിശാചിന്റെ മക്കളായി താഴ്ത്തിക്കെട്ടാനും അവഗണിക്കാനുമുള്ള പ്രവണത ദൈവികമല്ല. അവരെ ബഹുമാനിക്കുവാനും നമുക്കു ലഭിച്ചിരിക്കുന്ന ദൈവസ്നേഹം പങ്കുവയ്ക്കുവാനും അവരിലെ നന്മ തിരിച്ചറിയുവാനും നമുക്കു കഴിയണം. നമ്മുടെ ജീവിതസാഹചര്യങ്ങളിൽ തിന്മയ്ക്കും അതിന്റെ കൂട്ടാളികൾക്കും വിജയങ്ങൾ സ്വന്തമാകുമ്പോൾ, നീതിമാന്മാരുടെ നിലവിളി ഉയരുമ്പോൾ ദൈവം ഇതൊന്നും കാണുന്നില്ലേ? ദൈവത്തിന്റെ ശക്തിചോർന്നുപോയോ? എന്നൊക്കെ നാം ചോദിച്ചുപോകാറുണ്ട്. എന്നാൽ അനീതി പ്രവർത്തിക്കുന്നവൻ ഈ ലോകത്തുവച്ചുതന്നെ ശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു. "ഇതാണ് ശിക്ഷാവിധി. പ്രകാശം ലോകത്തിലേക്ക കടന്നുവന്നിട്ടും മനുഷ്യർ പ്രകാശത്തെക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു" (യോഹ 3:19). നീതി നിഷേധിക്കപ്പെടുന്നവന്റെ നിലവിളി ഒരുവനെ ശിക്ഷാവിധിക്കു യോഗ്യനാക്കുന്നു. "ധനവാന്മാരേ, നിങ്ങളുടെ സ്വർണ്ണത്തിനും വെള്ളിക്കും കറപിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. തീപോലെ അതു നിങ്ങളുടെ മാംസത്തെ തിന്നുകളയും" (യാക്കോ 5:3). ഓരോ ക്രിസ്ത്യാനിയും ദൈവത്തെ ധനമാക്കുവാൻ വിളിക്കപ്പെട്ടവനാണ്. ജീവിതത്തിന്റെ പരമപ്രധാന ഉത്തരവാദിത്തമായി മാർ ഈവാനിയോസ് പിതാവ് നമ്മെ പഠിപ്പിക്കുന്നത് ദൈവസമ്പാദനമാണ്.

ഓരോ ക്രിസ്ത്യാനിയും നിത്യജീവിതത്തിലേയ്ക്കു പ്രയാണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പ്രയാണത്തിൽ സന്തോഷങ്ങളോടൊപ്പം പീഢാനുഭവങ്ങളും വന്നുകൂടും. അവയെ യേശുവിന്റെ കുരിശിനോടുകൂടി ചേർത്ത് പ്രാർത്ഥിക്കുമ്പോൾ പഴയനിയമത്തിലെ ജോബിനെപ്പോലെ ദൈവികശക്തി അനുഭവിച്ചറിയുന്നതിന് അവന്/അവൾക്ക് സാധിക്കും.

## ഒക്ടോബർ 14 : സ്ലീബായ്ക്ക് ശേഷം 5-ാം ഞായർ

ബ്രദർ ലിസൺ തോമസ് ഒ.ഐ.സി.

മത്താ. 23:1-12; ലേവ്യ 2: 1-9; ജോ 6:1-13; ഏശയ്യ 41: 1-7;
അപ്പ.പ്ര 22: 22-29; 1 തിമോ: 6;11-16; ലൂക്കാ 20: 27-40

ഏപ്രിൽ അഞ്ച് 2005. റോമിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയുടെ ഭൗതികശരീരം ഒരുനോക്കു കാണുവാനായി എത്തിയവർ ജനസമുദ്രമായി മാറിയിരുന്നു. ആ ജനത്തിൽ നിന്ന് ഒരു യുവാവ് സ്വരം ഉയർത്തി പറഞ്ഞു "പ്രിയപ്പെട്ട പാപ്പാ, അങ്ങ് സ്വർഗ്ഗത്തിലെത്തുമ്പോൾ അങ്ങേയ്ക്ക് മുമ്പേ അവിടേക്ക് പോയ എന്റെ മാതാപിതാക്കൾക്ക് എന്റെ അന്വേഷണം കൊടുക്കണെ."

നമുക്കേവർക്കും നമ്മുടേതായ സ്വപ്നങ്ങൾ ഉണ്ട്. നമ്മുടെ ജീവിതത്തിന് ഗതിയും വേഗതയും നൽകുന്നത് ഈ പ്രതീക്ഷകൾ ആണ്. സ്വർഗ്ഗം നമ്മുടെ ഒരു വലിയ സ്വപ്നമാണ്. നമ്മുടെ ജീവിതലക്ഷ്യവും, നമ്മുടെ ജീവിതശൈലിയ്ക്ക് അർത്ഥം നൽകുന്നതും, ആത്മാവിന്റ വീണ്ടെടുക്കലും, ദിവ്യനാഥനുമായി ഒന്നുചേരുന്ന ധന്യമുഹൂർത്തവും കൂടിയാണ് അത്. സ്വർഗ്ഗം വന്നുഭവിക്കേണ്ട ഒന്നല്ല, മറിച്ച് നേടിയെടുക്കേണ്ട ഒന്നാണ്. ദൈവം നമ്മെ അതിനായി സഹായിക്കുന്നു, അതിനായി ക്ഷണിക്കുന്നു. ഈ ലക്ഷ്യത്തിന് വേണ്ടിയായിരിക്കണം നമ്മുടെ ജീവിതപ്രയാണം. ഈ സ്ലീബാക്കാലം നമ്മെ ഓർമ്മപ്പെടുത്തുന്നതും ഈ സത്യങ്ങൾ ആണ്.

പഞ്ചഗ്രന്ഥിയെ മാത്രം വേദഗ്രന്ഥമായി അംഗീകരിക്കുന്ന യഹൂദസമൂഹത്തിലെ വരേണ്യവിഭാഗമായിരുന്നു, സദൂക്കായർ. ഫരിസയർ വിശ്വസിച്ചിരുന്നതുപോലെ, കർത്താവിന്റെ ഉത്ഥാനത്തിലും, ദൈവദൂതൻമാരിലും സദൂക്കായർ വിശ്വസിച്ചിരുന്നില്ല. അവർ ഒരിക്കലും പുതിയതിനെ സ്വീകരിക്കുന്നവരായിരുന്നില്ല. പണ്ടു മുതൽക്കെ അവർ അനുസരിച്ചതും അനുകരിക്കുന്നതുമായ നിയമങ്ങൾ മുറുകെ പിടിച്ചു ജീവിക്കുന്നവരായിരുന്നു. അവർ ഇതിൽ വിശ്വസിക്കാതിരുന്നതിനുള്ള കാരണം ഈ വരാനിരിക്കുന്ന മിശിഹാ അവരുടെ നിയമാധിഷ്ഠിത ജീവിതത്തിന് ഒരു ശല്യം ആയിരിക്കും എന്നതുകൊണ്ടാണ്. അതു

കൊണ്ടാണ് ആ വിശ്വാസത്തെ തകർക്കാൻ യേശുവിന്റെ മുൻപിലേക്ക് ഈ ചോദ്യം ഇവർ ഉന്നയിക്കുന്നത്. "ഒരാൾ സന്താനമില്ലാതെ മരിച്ചാൽ അവന്റെ സഹോദരൻ അവളെ വിവാഹം ചെയ്തു സഹോദരനുവേണ്ടി സന്താനങ്ങളെ ഉത്പാദിപ്പിക്കണമെന്ന് മോശ നിയമാവർത്തന ഗ്രന്ഥത്തിൽ നിഷ്കർഷിക്കുന്നുണ്ട്" (നിയമ 25:5-6).

ഈ വിവാദവിഷയത്തെ പറ്റിയുള്ള യേശുവിന്റെ മറുപടി വളരെ ശ്രദ്ധേയമാണ്. മാനുഷികമായ മാനദണ്ഡമനുസരിച്ച് സ്വർഗ്ഗത്തെ അളക്കുവാൻ ശ്രമിക്കുന്ന സദൂക്കായരുടെ മൗഢ്യത്തെ അവിടുന്ന് ആദ്യം തന്നെ ചോദ്യം ചെയ്യുന്നു. പിന്നീട് പുനരുത്ഥാനത്തിന്റെ സ്വഭാവം അവിടുന്ന് വരച്ചു കാട്ടുന്നു. പുനരുത്ഥാനം മാലാഖമാർക്ക് അടുത്ത ജീവിതമാണെന്നും അവിടെ വിവാഹം കഴിച്ചുകൊടുക്കലും വിവാഹം കഴിക്കലും ഇല്ലെന്നും എല്ലാവരും ദൈവമക്കളുമാണെന്നും പറഞ്ഞു വയ്ക്കുന്നു. സദൂക്കായർ പാവനമായി കണ്ടിരുന്ന വേദഗ്രന്ഥത്തിൽ നിന്നാണ് അവർക്കുള്ള മറുപടി നൽകുന്നത്. "ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെയും, ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാണ്" (പുറപ്പാട് 3:6). ഇത് ഇവിടെ ഉദ്ധരിച്ചുകൊണ്ട് സദൂക്കായർ പുനരുത്ഥാനത്തിൽ വിശ്വസിക്കണം എന്ന് അവിടുന്ന് നിഷ്കർഷിക്കുകയാണ്. മാനുഷിക ദൃഷ്ടിയിൽ അബ്രഹാമും, ഇസഹാക്കും യാക്കോബുമെല്ലാം മരിച്ചു മണ്ണടിഞ്ഞവരാണ്. എന്നാൽ പുനരുത്ഥാനം മൂലം അവർ നിത്യമായി പിതാവിനോടൊത്ത് ജീവിക്കുന്നു. അവർ ജീവിക്കുന്നതുകൊണ്ടാണ് അവിടുന്നു ജീവിക്കുന്നവരുടെ ദൈവമാണ് എന്നു പറയുന്നത്.

ലൂക്കോസിന്റെ സുവിശേഷത്തിലുടനീളം ഒരു "യാത്ര"യെ ആണ് സൂചിപ്പിക്കുന്നത്. യേശുവിന്റെ ഗലീലിയാ മുതൽ കാൽവരി വരെയുള്ള ഒരു യാത്ര. ഈ ഭാഗം കർത്താവിന്റെ പീഡാനുഭവവും, മരണവും, പുനരുത്ഥാനത്തിലേക്കുള്ള ഒരു പ്രയാണമായി നമുക്കിവിടെ ദർശിക്കാം.

മർതൃരായ മനുഷ്യർക്ക് അമർതൃതയുടെ പ്രതീക്ഷയാണ് യേശുവിന്റെ ഉത്ഥാനം. വി: പൗലോസ് ശ്ലീഹാ പറയുന്നതുപോലെ ക്രിസ്തു ഉയർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസം വ്യർത്ഥം. (1 കോറി 15:14). The World in Darkness എന്ന പ്രശസ്തമായ ഒരു ഹോളിവുഡ് ചിത്രം ഉണ്ട്. അതിലെ ഒരു രംഗം ഇപ്രകാരമാണ്: ഒരു പുരാവസ്തു ഗവേഷകൻ സകലരെയും ഞെട്ടി

ക്കുന്ന ഒരു വാർത്ത പുറത്തുവിടുന്നു. അത്, കർത്താവിന്റെ കല്ലറയും, അഴുകാത്ത ശരീരവും താൻ കണ്ടെത്തി എന്നുള്ളതാണ്. ആ വാർത്ത കാട്ടുതീ പോലെ നാടെങ്ങും പടരുന്നു. അങ്ങനെ ജനങ്ങളുടെ വിശ്വാസം കുറഞ്ഞുതുടങ്ങുന്നു, വിശുദ്ധഗ്രന്ഥങ്ങളും പ്രാർത്ഥനാപുസ്തകങ്ങളും അവർ നശിപ്പിക്കുന്നു, വിദേശത്ത് ജോലി ചെയ്തുകൊണ്ടിരുന്ന മിഷനറിമാർ സ്വന്തം രാജ്യത്തിലേക്കു തിരിച്ചെത്തുന്നു, അങ്ങനെ ലോകമെങ്ങും അന്ധകാരത്തിലേക്ക് വീഴുന്നു. അപ്പോഴാണ് മരണാസന്നനായ ആ ഗവേഷകൻ ഏറ്റുപറയുന്നത്: അന്നു താൻ പറഞ്ഞത് കള്ളമായിരുന്നെന്നും, കർത്താവിന്റെ കല്ലറ ശൂന്യമായിരുന്നെന്നും താൻ കാണിച്ച മൃതശരീരം മറ്റെവിടെനിന്നോ മോഷ്ടിച്ചതാണെന്നും. ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രബിന്ദു യേശുവിന്റെ ഉത്ഥാനം ആണ് എന്ന സന്ദേശം ആണ് ഈ ചിത്രം നൽകുന്നത്. യേശുവിന്റെ ഉത്ഥാനത്തെ വിസ്മരിക്കുന്ന നിമിഷത്തിൽ നാം ജീവിതത്തിന്റെ അർത്ഥശൂന്യതയിലേക്ക് വഴുതിവീഴുകയാണെന്നാണ് ഈ സിനിമ തരുന്ന സന്ദേശം.

മരണത്തോടുകൂടി ജീവിതം അവസാനിക്കുകയല്ല ആരംഭിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറയുന്നത്: “നിങ്ങൾ നിത്യജീവനെ മുറുകെ പിടിക്കുവിൻ. അതിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. അതിനുവേണ്ടി നാം നീതി, ദൈവഭക്തി, വിശ്വാസം, സ്നേഹം, സ്ഥിരത, സൗമ്യത എന്നിവയിൽ ഉന്നും വയ്ക്കുകയും അതോടൊപ്പം വിശ്വാസത്തിന്റെ നല്ല പോരാട്ടം നടത്തുകയും ചെയ്യുക” (1 തിമോ. 6:11-12).

## ഒക്ടോബർ 21 : സ്ലീബായ്ക്ക് ശേഷം 6-ാം ഞായർ

ബ്രദർ മനോജ് ഒ.ഐ.സി.

മത്താ 28:16-20; ഉൽ 42:29-38; പ്രഭാ 31:1-11; ഏശയ 6:8-13;
അപ്പ.പ്ര 22:17-21; റോമ 10:14-21; മർക്കോ 16:14-18

**ആമുഖം:**

ആരാധനാക്രമവത്സരത്തിലെ സ്ലീബാകാലമാണല്ലോ ഇത്. ഈ കാലയളവിൽ കുരിശിന്റെ മഹത്വത്തെ അനുസ്മരിക്കുകയും, കുരിശിലൂടെ കൈവന്ന നിത്യജീവനക്കുറിച്ചുള്ള ഉൾവിളികളെ ധ്യാനിക്കുകയും ചെയ്യുന്നു. ഈ ദിവസത്തിന്റെ മറ്റൊരു പ്രത്യേകത ഇന്ന് ആഗോള കത്തോലിക്കാസഭ 'മിഷൻ ഞായർ' ആയി ആചരിക്കുന്നു എന്നതാണ് ലോകത്തിന്റെ അതിർത്തികൾ വരെ സദ്വാർത്ത അറിയിക്കാനുള്ള യേശുവിന്റെ അന്തിമ ആഹ്വാനം ഓർമ്മിപ്പിക്കുന്ന വി. മർക്കോസിന്റെ സുവിശേഷം 16:14-18 തിരുവചനങ്ങളാണ് ഇന്നത്തെ വിചിന്തനഭാഗം.

**മിഷൻ ഞായർ**

വർഷത്തിൽ ഒരു ദിവസം ആഗോള കത്തോലിക്കാസഭ അവളുടെ പ്രേക്ഷിത പ്രവർത്തനങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കാനും പഠിക്കാനും ധനസഹായം ശേഖരിക്കുന്നതിനും വേണ്ടി മാറ്റിവയ്ക്കപ്പെട്ട പ്രത്യേക ദിനം. 1926 ഏപ്രിൽ 14-ാം തീയതിയാണ് മിഷൻ ഞായർ ആദ്യമായി ആചരിച്ചത്. 11-ാം പീയൂസ് മാർപ്പാപ്പയാണ് മിഷൻ ഞായർ ആചരണത്തിന് തുടക്കമിട്ടത്. ലോകമെങ്ങും സുവിശേഷം അറിയിക്കാനുള്ള സഭയുടെ ദൗത്യമാണ് മിഷൻ ഞായർ പ്രത്യേകം ഓർമ്മിപ്പിക്കുന്നത്.

**പ്രമേയം**

ശിഷ്യൻമാർ വിശ്വാസരാഹിത്യത്തിൽ നിന്നു വിശ്വാസത്തിലേയ്ക്ക് വരുന്നു (16:9-14). യേശു ശിഷ്യഗണത്തിന് പ്രേക്ഷിതദൗത്യം നൽകുന്നു (16:15,16). ഉത്തമ ക്രിസ്തുശിഷ്യന് യേശു നൽകുന്നു അടയാളങ്ങൾ (16:17,18).

**പശ്ചാത്തലം**

വിചിന്തനഭാഗം മത്താ. 16:14-18 വരെയുള്ള വേദഭാഗമാണ്. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യർക്ക് പ്രേക്ഷിതദൗത്യം ഭരമേൽപ്പിക്കുന്ന വേദഭാഗമാണിത്. യേശുതമ്പുരാന്റെ കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും വിവരണങ്ങളാണ് 15-16:8 വരെയുള്ള ഭാഗങ്ങളിൽ നാം കാണുന്നത്. ക്രിസ്തുവിന്റെ കുരിശുമരണത്തെ ഉൾക്കൊള്ളാൻ കഴിയാതെ വിശ്വാസജീവിതം തകിടം മറിയുന്ന ശിഷ്യഗണത്തെ നാം കാണുന്നു. ഉത്ഥിതനായ ക്രിസ്തുവിനെ പോലും തിരിച്ചറിയാൻ അവർക്കു കഴിയുന്നില്ല. എന്നാൽ തുടർന്നു വരുന്ന ഭാഗത്ത് ശിഷ്യഗണത്തെയും അവരെ പ്രേഷിതദൗത്യം ഭരമേൽപ്പിച്ച് ഉത്ഥാനം ചെയ്യുന്ന യേശുനാഥനെയും വചനത്തിൽ കാണുന്നു. (16:9-20) പണ്ഡിതമതമനുസരിച്ച് മർക്കൊസിന്റെ സുവിശേഷം 16:8-ൽ അവസാനിക്കാനാണ് ഏറെ സാധ്യത. ആദിമ അനുവാചകരിൽ ആരോ പിന്നീട് എഴുതിചേർത്ത പിൻകുറിപ്പാവണം 16:9-20 എന്ന് കരുതപ്പെടുന്നു. യഥാർത്ഥത്തിൽ സുവിശേഷത്തിന്റെ അവസാനഭാഗം ശിഷ്യത്വത്തിന്റെ പരാജയമാണ്. എന്നാൽ പിൻകുറിപ്പ് വിശ്വാസത്തിലൂടെ വിജയത്തിലേക്ക് വരുന്നതായി വിവരിക്കുന്നു.

**സന്ദേശം**

ഈ ദിനത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് ഈ വചനഭാഗം നമുക്ക് ധ്യാനിക്കാം. അഞ്ച് തിരുവചനങ്ങളിലൂടെ 4 കാര്യങ്ങൾ വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

(1) ശിഷ്യന്റെ വിശ്വാസരാഹിത്യം-ഉത്ഥിതനെ കണ്ടവർ അവനിൽ വിശ്വസിച്ചില്ല (16:14).

(2) ശിഷ്യന്റെ ദൗത്യം-സുവിശേഷം പ്രഘോഷിക്കുക (16:15).

(3) രക്ഷ പ്രാപിക്കാൻ എന്തുചെയ്യണം (16:16).

(4) ഉത്തമ ശിഷ്യന്റെ അടയാളങ്ങൾ (16:17-18).

**(1) ഉത്ഥിതനെ കണ്ടവർ വിശ്വസിച്ചില്ല**. ഗുരുവിന്റെ സ്നേഹവും കരുതലും അനുഭവിച്ച് അവരോടൊപ്പം മൂന്ന് വർഷം സഹവസിച്ചവർ... അവന്റെ അത്ഭുതങ്ങൾക്കും പഠിപ്പിക്കലിനും സാക്ഷിയായിരുന്നവർ....നീ ജീവനുള്ള ദൈവത്തിന്റെ പുത്രനെന്ന് ആണയിട്ട് പറഞ്ഞവർ...നമുക്കും

അവനോടൊപ്പം മരിക്കാം എന്ന് ഏറ്റുപറഞ്ഞവർ....എന്നിട്ടും എന്തേ ഉത്ഥിതനായ പ്രിയ ഗുരുവിനെ അവർക്ക് തിരിച്ചറിയാൻ കഴിയാതെ പോയത്? യേശു അവരുടെ ഹൃദയ കാഠിന്യത്തെയും വിശ്വാസരാഹിത്യത്തെയും കുറ്റപ്പെടുത്തുന്നുണ്ട്.

സഹജരെ സ്നേഹിക്കാനും അവരുടെ സ്നേഹത്തെ തിരിച്ചറിയാനും കഴിയാതെ പോകുന്ന അവസ്ഥയാവണം ഹൃദയകാഠിന്യം. കാരണം ഹൃദയകാഠിന്യത്തെക്കുറിച്ചും വിശ്വാസരാഹിത്യത്തെക്കുറിച്ചും ബൈബിൾ നൽകുന്ന സൂചനയാണ്. ദൈവസ്നേഹത്തിന്റെ ആഴം തിരിച്ചറിയാൻ കഴിയാതെ ഹൃദയം കഠിനമായപ്പോൾ ആദിമാതാപിതാക്കൾക്കും ദൈവത്തിനുമിടയിൽ വിശ്വാസം നഷ്ടപ്പെടുന്നു. സ്വന്തം അനുജന്റെ നന്മ കാണാൻ കഴിയാതെ ഹൃദയം കഠിനമാവുമ്പോൾ ജേഷ്ഠൻ അനുജനെ വധിക്കുന്നു (ഉല്പ. 4/8). ഗുരുവിന്റെ സ്നേഹം മനസ്സിലാക്കാൻ കഴിയാതെ ഹൃദയം കഠിനമാവുമ്പോൾ 30 വെള്ളിക്കാശിന് യൂദാസ് തന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കുന്നു (മത്താ 26:15). പ്രിയസഹോദരങ്ങളേ, നമ്മുടെ ഹൃദയങ്ങളും എത്രയോ തവണ കഠിനമായി മാറിയിരിക്കുന്നു. എന്റെ പ്രിയപ്പെട്ട മാതാപിതാക്കൾ....ഗുരുക്കൻമാർ.......സ്നേഹിതർ.....പ്രിയതമ.....പ്രിയതമൻ......മക്കൾ..... സ്നേഹവും കരുതലും തിരിച്ചറിയാൻ കഴിയാതെ എത്രയോ സ്നേഹബന്ധങ്ങൾ തകർന്നിരിക്കുന്നു....

**(2) ശിഷ്യന്റെ ദൗത്യം** : ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുക. ക്രിസ്തുശിഷ്യന്റെ ഏറ്റവും പ്രധാന ദൗത്യം സുവിശേഷപ്രഘോഷണമാണ്. മാമ്മോദീസായിലൂടെ ഒരോ ക്രൈസ്തവനും ക്രിസ്തുശിഷ്യത്വത്തിലേയ്ക്കും അതുവഴി സുവിശേഷം പ്രഘോഷിക്കുക എന്ന ദൗത്യത്തിലേയ്ക്കും വിളിച്ചടുപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവവചനത്തിന്റെ സാക്ഷിയായി തീരാൻ വിളിക്കപ്പെട്ട അനേകരുടെ മനോഹരചിത്രങ്ങൾ വി. ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. വിജാതീയരുടെ മധ്യത്തിലേക്ക് വചനമായി കടന്നുപോകുന്ന വി. പൗലോസ് (അപ്പ.പ്ര. 22:21). ജനത്തോടെ ദൈവഹിതം പറയാൻ അയയ്ക്കപ്പെടുന്ന ഏശയ്യാപ്രവാചകൻ (ഏശ. 6:8,9). ഈ ദൗത്യത്തിന്റെ തുടർച്ചയാണ് നമ്മിലൂടെ നിറവേറപ്പെടേണ്ടത്.

ലോകമെങ്ങും പോവുകയെന്നാൽ ലോകത്തിന്റെ അതിർത്തികളിലേക്ക് പോവുക എന്നല്ല, മറിച്ച് ഒരുവൻ/ഒരുവൾ ആയിരിക്കുന്ന ഇട

ങ്ങളിൽ സുവിശേഷം പ്രഘോഷിക്കുക എന്നാണ്. നാവുകൊണ്ട് മാത്ര മല്ല വചനം പ്രഘോഷിക്കപ്പെടേണ്ടത് അതിലുപരി പ്രവൃത്തികളിലൂടെ യാണ്. നാം പ്രഘോഷിക്കുന്ന വചനം ജീവനുള്ളതാവണമെങ്കിൽ എന്റെ വചനത്തിന് അനുരൂപമാവണം എന്റെ ജീവിതം. അതുകൊണ്ടാണ് വി. യാക്കോബ് ശ്ലീഹ പഠിപ്പിക്കുന്നത് പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ്" (യാക്കോ. 2:17) എന്ന്. ഒരു മിഷനറി ആവുകയെന്നാൽ ജീവിക്കുന്ന സുവിശേഷമായി മാറുക എന്നുതന്നെയാണ് അർത്ഥം. ജീവിക്കുന്ന സുവിശേഷമായി മാറുമ്പോൾ വലിയ മിഷനറി ആയിരുന്ന പൗലോസ് ശ്ലീഹായെപ്പോലെ പറയാൻ കഴിയും എന്ന് ഇനി ഞാൻ അല്ല എന്നിൽ ജീവിക്കുന്നത് ക്രിസ്തു വാണ് (ഗല 2:20).

(3) രക്ഷ പ്രാപിക്കാൻ ഗുരു നൽകുന്ന ഏകമാർഗ്ഗം സുവിശേഷ ത്തിൽ വിശ്വസിക്കുക സ്നാനം സ്വീകരിക്കുക. വി. പൗലോസ് ശ്ലീഹ പറയുന്നതുപോലെ പാപകരമായതിനെയെല്ലാം ഉപേക്ഷിക്കുമ്പോൾ ക്രിസ്തുവിനോടൊപ്പം നാം ക്രൂശിക്കപ്പെടുകയും ജ്ഞാനസ്നാനത്തി ലൂടെ അവനോടൊപ്പം ഉയർപ്പിക്കപ്പെടുകയും ചെയ്യും (റോമ 6:6-11) ഇതാണ് ക്രിസ്തുവിലുള്ള രക്ഷ.

(4) ഉത്തമ ശിഷ്യന് ഗുരു നൽകുന്ന അടയാളമാണ് പ്രപഞ്ചശ ക്തികളുടെമേലുള്ള അധികാരം (16:17,18) ഒരോ ക്രിസ്തുശിഷ്യനും/ ശിഷ്യയും സുവിശേഷമായി മറ്റുള്ളവരിലേയ്ക്ക് കടന്നുചെല്ലണം. ഉത്ഥി തനായ ക്രിസ്തുവിനെയാണ് ക്രിസ്തു ശിഷ്യൻ/ശിഷ്യ ലോകത്തിന് നൽകുക. ശിഷ്യൻ കൈകൾ വയ്ക്കുമ്പോൾ രോഗങ്ങൾ സൗഖ്യമാ ക്കപ്പെടുന്നു. പിശാചുകൾ പുറത്താക്കപ്പെടുന്നു. മാരകമായതെല്ലാം ഓടി യൊളിക്കുന്നു. അതെ, ക്രിസ്തുശിഷ്യൻ ലോകത്തിന് സുവിശേഷമാ കാൻ വിളിക്കപ്പെട്ടവനാണ്. ലോകത്തിൽ ജീവിക്കുന്ന സുവിശേഷമായി മാറാൻ അയയ്ക്കപ്പെട്ടവനാണ് ഒരോ ക്രിസ്ത്യാനിയും.

✣

## ഒക്ടോബർ 28 : സ്ലീബായ്ക്ക് ശേഷം 7-ാം ഞായർ

**ബ്രദർ റിജോ തോമസ് ഒ.ഐ.സി.**

ലൂക്കാ 12:13-21; പുറ 12:43-51; ജോ 23:1-7; എസ 10:18-22; വെളി 20:11-15; ഗലാ 5:16-26; മത്താ 25:31-46

**പശ്ചാത്തലം**

ദൈവപുത്രനും ക്രിസ്തുവുമായ യേശു, ദൈവപുത്രരാകാനുള്ള മാർഗ്ഗവും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാനുള്ള വഴിയും പഠിപ്പിക്കുന്നു. അപ്പോൾ അസൂയ പൂണ്ട യൂദാനേതാക്കൾ അവനോട് നിഷേധാത്മകമായി പ്രതികരിച്ച് അവനെ നശിപ്പിക്കാൻ ശ്രമിക്കുന്നു. എന്നാൽ ശിഷ്യന്മാർ അവൻ ദൈവപുത്രനാണെന്ന് തിരിച്ചറിഞ്ഞ് അവനിൽ വിശ്വാസമർപ്പിക്കുന്നു. വിശ്വസിക്കുന്നവരുടെ സമൂഹത്തെ യേശു സഭയായി രൂപാന്തരപ്പെടുത്തുന്നു (മത്താ. 14:1, 18:35) അതിനെ തുടർന്ന് യഹൂദപ്രമാണിമാരുമായുള്ള യേശുവിന്റെ അന്തിമസംഘർഷം ആരംഭിക്കുന്നു. (19:1, 23:34) ഇതിന്റെ അവസാനഭാഗം യേശുവിന്റെ അന്തിമപ്രഭാഷണമാണ് (മത്താ. 24:1–25:46) അന്തിമപ്രഭാഷണത്തിന്റെ അവസാനഭാഗമാണ് അന്തിമവിധിയെക്കുറിച്ചുള്ള വിവരണം (25:31–46).

ഒന്നാമത്തെ വരവിൽ സ്ലീബായിലൂടെ അവിടുന്ന് നിത്യജീവൻ നേടിത്തന്നു. എന്നാൽ കർത്താവ് വീണ്ടും വരുന്നത് മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായി ഇരുന്നുകൊണ്ട് നീതിവിധിക്കാനാണ് എന്ന് അനുദിന യാമപ്രാർത്ഥനയിൽ നാം പ്രാർത്ഥിക്കുന്നു.

"രണ്ടാം വരവിൽ താണയും വിധമതു വ്യത്യസ്ഥം
സ്ക്കിപ്പുസായ്ക്കായ് താൻ വന്നതുപോൽ വരുകില്ലിനിയും
ഒന്നാം വരവിൽ പാപത്തിനു താൻ പരിഹാരമതായ്
നീതി വിധിപ്പനല്ലോ താനന്നയുന്നിതു വീണ്ടും.
(ശ്ഹിമോ, ചൊവ്വാ സന്ധ്യ)

സ്ലീബാ കാലത്തിലെ അവസാന ഞായറാഴ്ചയായ ഇന്ന് സ്ലീബായിലൂടെ നാഥൻ നേടിത്തന്ന നിത്യരക്ഷയെ അനുസ്മരിക്കുകയും ആ നിത്യജീവൻ നഷ്ടപ്പെടാതെ എപ്രകാരം ജീവിക്കണമെന്നു പഠിപ്പിക്കുകയും ചെയ്യുന്നു. ഇവിടെ സങ്കീർത്തകൻ പറയുന്നതുപോലെ അവിടുന്ന് മനുഷ്യന് അവന്റെ പ്രവൃത്തിക്കൊണ്ട് പ്രതിഫലം നൽകുന്നു" (സങ്കീ. 62/12). വി. മത്താ. 25/31–46 വരെയുള്ള തിരുവചനമാണ് വിചിന്തനവിഷയം.

ക്രിസ്തുവിന്റെ രണ്ടാം വരവിലുള്ള പ്രതീക്ഷയിലാണ് ഒരോരുത്തരും ക്രിസ്തീയജീവിതം നയിക്കുന്നത്. മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാക്കുന്ന ന്യായാധിപനിൽ നിന്ന് "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ" എന്ന സംബോധന കേൾക്കാൻ ഒരോ ക്രൈസ്തവനും ആഗ്രഹിക്കുന്നു. ഇവർക്ക് അവകാശം നന്മയുടെ വലതുവശവും ലോകസ്ഥാപനം മുതൽ സജ്ജമാക്കിയിരിക്കുന്ന പിതാവിന്റെ രാജ്യവുമാണ്. എന്നാൽ ഇവിടെ മറ്റൊരു കൂട്ടരെക്കുറിച്ചും പറയുന്നു. ഇടതുവശത്തുള്ളവർ ന്യായാധിപൻ അവരെ വിളിക്കുക 'ശപിക്കപ്പെട്ടവരേ' എന്നാണ്. അവരോട് പറയുന്നു. പിശാചിനും അവന്റെ ദൂതൻമാർക്കും സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ (മത്താ 25:31-46).

അന്ത്യവിധിയെക്കുറിച്ചുള്ള ഈ വിശദീകരണം ഒരേ സമയം ഒരു വിജയത്തിന്റെയും, ഒരു പരാജയത്തിന്റെയും വിശദീകരണം കൂടിയാണ്. രണ്ട് കൂട്ടർക്കും ലഭിച്ച അവസരങ്ങൾക്ക് ഏറ്റക്കുറച്ചിലുകൾ ഇല്ല. എന്നാൽ സാഹചര്യങ്ങളോട് അവർക്ക് ഉണ്ടായിരുന്ന മനോഭാവം/ പ്രതികരണമാണ് ജയപരാജയങ്ങൾ നിർണ്ണയിക്കുന്നത്. നിയമാവർത്തന പുസ്തകം 30-ാമദ്ധ്യായം 10 മുതൽ 15 വരെയുള്ള വാക്യത്തിൽ നാം വായിക്കുന്നു. "ഇതാ ഇന്ന് നിന്റെ മുമ്പിൽ ജീവനും നന്മയും, മരണവും തിന്മയും വച്ചിരിക്കുന്നു" എന്നിട്ട് തിരഞ്ഞെടുപ്പ് ഒരോരുത്തരുടെയും സ്വാതന്ത്ര്യത്തിന് ദൈവം വിട്ടുതന്നിരിക്കുന്നു.

എന്നാൽ ജീവനും നന്മയും സ്വന്തമാക്കാൻ അവിടുന്ന് ഒരു മാർഗ്ഗം മാത്രം കാണിച്ച് തരുന്നു. നിന്റെ ദൈവത്തെ സ്നേഹിക്കുകയും അവന്റെ കൽപ്പനകൾ പാലിക്കുകയും ചെയ്യുക. (നിയമ 30/16) ദൈവത്തെ സ്നേഹിക്കുന്നവന് സഹോദരനെ സ്നേഹിക്കാതിരിക്കാൻ സാധിക്കില്ല കാരണം 1 യോഹ 4/20 നാം വായിക്കുന്നു "ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുക സാധ്യമല്ല."

രണ്ട് തരത്തിലുള്ള ആളുകളെയും അവരുടെ മനോഭാവത്തെയും വചനത്തിൽ കാണുന്നു. രണ്ട് കൂട്ടരും ന്യായാധിപനെ സംബോധന ചെയ്യുന്നത് 'കർത്താവേ' എന്നാണ്. ഇവർക്ക് ലഭിച്ച അവസരങ്ങൾ തുല്യമായിരുന്നു. എന്നാൽ അവരുടെ സമീപനത്തിലെ മനോഭാവം വ്യത്യസ്ഥമായിരുന്നു. എന്തുകൊണ്ടാണ് ഒരു കൂട്ടർ തിരസ്കൃതരായി തീർന്നത്? ജോബിന്റെ പുസ്തകം 23/7 വാക്യത്തിൽ പറയുന്നു. "നീതിമാന് അവിടുത്തോട് വാദിക്കാൻ കഴിയും, എന്റെ വിധിയാളൻ എന്നെ

എന്നേക്കുമായി മോചിപ്പിക്കും." ഇവിടെ ഒരു കൂട്ടർ ദൈവത്തിന്റെ ഇഷ്ടം പ്രവർത്തിച്ച് നീതികരിക്കപ്പെട്ടവരായിരുന്നു. എന്നാൽ മറ്റു കൂട്ടർ സ്വന്തം ഇഷ്ടം നിറവേറ്റി ദൈവഹിതം മറന്നുപോയവർ ആയിരുന്നു. അതുകൊണ്ട് മത്തായിയുടെ സുവിശേഷം 7/21-ൽ നാം കാണുന്നു. "കർത്താവേ, കർത്താവേ വിളിച്ചപേക്ഷിക്കുന്നവനല്ല എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക." മത്തായിയുടെ സുവിശേഷം 7/21-24 വരെയുള്ള ഭാഗത്തിന്റെ വിശദീകരണം തന്നെയാണ് മത്താ 25/31-46-ൽ നാം കാണുന്ന അന്ത്യവിധി.

ഒന്നാമത്തെ കൂട്ടർ അനേകം നന്മകൾ അനേകർക്ക് ചെയ്തു. എന്നാൽ അവയുടെ കണക്കുകളും രേഖകളും സൂക്ഷിക്കാൻ മറന്നവരാണ്. അവർക്ക് പ്രതിഫലവും പ്രശസ്തിയും അന്യമായിരുന്നു. അവർ എപ്പോഴും ആവശ്യകാർക്ക് സംലഭ്യരായിരുന്നു അവർ ഒരിക്കലും അസാധാരണ കാര്യങ്ങൾ അല്ല ചെയ്തത്, മറിച്ച് സാധാരണ കാര്യങ്ങൾ അസാധാരണമായി ചെയ്തു. മറ്റൊരു വാക്കിൽ പറഞ്ഞാൽ എളിയവരിൽ ദൈവത്തെ കണ്ടു. അപരന്റെ ആവശ്യങ്ങളിലേക്ക് ദൈവിക സമൃദ്ധിയുടെ നിറവ് നൽകുക അവരുടെ ജീവിതശൈലി തന്നെ ആയിരുന്നു.

എന്നാൽ രണ്ടാമത്തെ കൂട്ടർ. കണക്കുകൂട്ടലുകളിൽ കൃത്യതയുള്ളവർ ആയിരുന്നു. അവർ ഒത്തിരിയേറെ കാര്യങ്ങൾ ചെയ്തു കൂട്ടിയതായി അവകാശപ്പെടുന്നു. എന്നാൽ ന്യായാധിപന്റെ മുമ്പിൽ ഇതെന്നും സ്വീകാര്യമായി തീരുന്നില്ല. കാരണം അവർ ചെയ്തത് ഒന്നും പിതാവിന്റെ ഇഷ്ടം ആയിരുന്നില്ല. മറിച്ച് അവനവന്റെ ഇഷ്ടം ആയിരുന്നു. കാരണം പിതാവിന്റെ ഇഷ്ടം അനുസരിച്ച് "ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകാൻ സ്വർഗ്ഗപിതാവ് ഇഷ്ടപ്പെടുന്നില്ല" (മത്താ 18/14) അങ്ങനെയെങ്കിൽ രണ്ടാമത്തെ കൂട്ടർ ചെയ്ത തെറ്റ് ദുർബലർക്കും അനാഥർക്കും നീതി നടത്തിക്കൊടുക്കുന്നതിലും, പീഢിതരുടെയും അഗതികളുടെയും അവകാശം നിറവേറ്റി കൊടുക്കുന്നതിലും (സങ്കീ. 82/3,4) പരാജയപ്പെട്ടു എന്നതാണ്. അതുകൊണ്ടാണ് "എന്റെ ഈ എളിയ സഹോദരങ്ങൾക്ക് ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണ് ചെയ്യാതിരുന്നത്" (മത്താ 25/45) എന്ന് തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നത്.

**വിചിന്തനം**

യേശുവിന്റെ ജ്ഞാനസ്നാന സമയത്തും, രൂപാന്തരികരണത്തിലും (മത്താ 3/17, 17/5) തന്റെ ഹിതം അനുസരിച്ച് പ്രവർത്തിക്കുന്ന പുത്ര

നിൽ ദൈവം സംപ്രീതനായി തീരുന്നു. പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ പുത്രൻ ശിഷ്യരെ തിരഞ്ഞെടുത്തു. മാമ്മോദീസ സ്വീകരിക്കുന്നതുവഴി ഒരോ ക്രിസ്ത്യാനിയും ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്കാണ് വിളിക്കപ്പെടുന്നത്. അങ്ങനെയെങ്കിൽ എന്റെയും നിങ്ങളുടെയും ദൗത്യം പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതു മാത്രമാണ്. വി: മത്തായി ശ്ലീഹാ വിവരിക്കുന്ന അന്ത്യവിധിയുടെ സമാന്തരമായ ഒരു ചിത്രം നാം വെളിപാട് പുസ്തകം 20-ാമദ്ധ്യായം 15 മുതൽ 20 വരെയുള്ള തിരുവചനങ്ങളിൽ കാണുന്ന ന്യായാധിപൻ ജീവന്റെ പുസ്തകത്തിൽ നോക്കി ഓരോരുത്തന്റെയും പ്രവൃത്തിക്ക് തക്കവിധം ന്യായം വിധിക്കുന്നു. ജീവന്റെ പുസ്തകത്തിൽ പേരുള്ളവർ നിത്യജീവനിലേക്കു പ്രവേശിക്കുകയും പേരില്ലാത്തവർ നിത്യ അഗ്നിയിലേക്ക് എറിയപ്പെടുകയും ചെയ്യുന്ന ഈ തിരുവചനഭാഗത്തെ മുൻനിർത്തി ചിന്തിക്കാം. ഞാൻ ഏത് മനോഭാവങ്ങളോട് പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നു?

ആഗോളവത്ക്കരണത്തിന്റെ ആധുനികയുഗത്തിൽ ഏറ്റവും മെച്ചമായതിനെ മനുഷ്യർ തേടി പോകുമ്പോൾ ഒഴുക്കിനെതിരെ നീന്തിക്കൊണ്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് മാറ്റപ്പെട്ട എളിയതിനെ തിരഞ്ഞുപോകാൻ എനിക്കും നിങ്ങൾക്കും കഴിയുന്നുണ്ടോ? കോടികൾ മുടക്കി വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുമ്പോൾ ആ സ്ഥാപനങ്ങളിൽ എത്ര ദരിദ്രവിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം നൽകുന്നു.....ലക്ഷങ്ങൾ മുടക്കി വിവാഹധൂർത്ത് നടത്തുമ്പോൾ ഒരു നേരത്തെ അന്നത്തിന് വകയില്ലാതെ എത്ര ആയിരങ്ങൾ വിശന്ന് മരിക്കുന്നു. തമ്പുരാന്റെ നാമത്തിൽ വലിയ കൺവൻഷനുകളും, തിരുനാളുകളും ആഘോഷിക്കപ്പെടുമ്പോൾ എന്റെ അയൽക്കാരന്റെ കണ്ണുനീർ കാണാൻ, എന്റെ കുടുംബത്തിലെ, സമൂഹത്തിലെ ഒരുവന്റെ വേദന അറിയാൻ സാധിക്കുന്നുണ്ടോ?

അത്യുന്നതനിലേയ്ക്കും, ദൈവത്തിലേക്കും തുല്യദൂരമാണെന്ന് നമ്മെ പഠിപ്പിക്കുന്ന വേദഭാഗമാണിത്. എന്റെ സമൃദ്ധി അപരന്റെ അവകാശമാണെന്ന തിരിച്ചറിവാണ് അന്ത്യവിധിയുടെ പരീക്ഷയിൽ ഒരുവനെ ജയിപ്പിക്കുന്നതും, തോൽപ്പിക്കുന്നതും. ആയതിനാൽ വിവേകശാലികളെപ്പോലെ അപരന്റെ കണ്ണീരൊപ്പാൻ, വീഴ്ചയിൽ കൈത്താങ്ങാവാൻ, വേദനയിൽ പങ്കുചേരാൻ നമ്മുക്ക് കഴിയട്ടെ. "ആരുടെ കാലിൽത്തറയ്ക്കും മുള്ളും എന്റെയാത്മാവിനെ കുത്തിനോവിക്കു"മെന്ന് നമ്മുക്കും പാടാം. കാരണം ഈ എളിയവന് നീ ഇതൊക്കെ ചെയ്തപ്പോൾ എനിക്ക് തന്നെയാണല്ലോ ചെയ്തത്.